നം. DDDKER/2762/2024-C2

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി:------01-08-2024

**സർക്കുലർ നം.35/24**

വിഷയം:- ക്ഷീരവികസന വകുപ്പ് - വയനാട് ജില്ലയിൽ ഉണ്ടായ അതിദാരുണമായ പ്രകൃതി ദുരന്തം - ക്ഷീരകർഷർകർക്ക് അടിയന്തിര സഹായം - പൊതുഫണ്ട് വിനിയോഗം - അനുമതി നൽകുന്നത് സംബന്ധിച്ച്

സൂചന :- 1) ബഹു.ക്ഷീരവികസനവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 01/08/2024 തീയതിയിലെ നമ്പർ 388/PS/MIN(AH&DD)/ 2024 കത്ത്.

വയനാട് ജില്ലയിലുണ്ടായ അതിദാരുണമായ പ്രകൃതി ദുരന്തത്തിൽപ്പെട്ട ക്ഷീരകർഷകരെ സഹായിക്കുന്നതിന് അടിയന്തിരമായി സഹായങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശം ലഭിച്ചിട്ടുണ്ട്. പ്രകൃതി ദുരന്തം സംഭവിച്ച പ്രസ്തുത പ്രദേശങ്ങളിലെ കന്നുകാലികൾക്ക് തീറ്റവസ്തുക്കൾ ലഭ്യമാകാത്ത സാഹചര്യം ഉടലെടുത്തതായും കാണുന്നു. അതോടൊപ്പം സംസ്ഥാനത്തെ മറ്റ് പല ജില്ലകളിലും പ്രകൃതി ദുരന്തത്തിലും, മഴക്കെടുതിയിലുംപെട്ട് ക്ഷീരസഹകരണ സംഘങ്ങളും, ക്ഷീരകർഷകരും കറവമാടുകളും ബുദ്ധിമുട്ട് നേരിടുന്നതായും ശ്രദ്ധയിൽപെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

വയനാട് ജില്ലയിൽ പ്രകൃതി ദുരന്തത്തിൽപ്പെട്ട ക്ഷീരകർഷകരെ സഹായിക്കുന്നതിനും, കന്നുകാലികൾക്കാവശ്യമായ തീറ്റവസ്തുക്കൾ നൽകുന്നതിനുമായി താൽപര്യമുള്ള ക്ഷീരസംഘങ്ങൾക്ക് തങ്ങളുടെ പൊതു ഫണ്ടിൽ നിന്നോ അല്ലെങ്കിൽ സംഘത്തിന്റെ അംഗീകരിച്ച ഉപചട്ടങ്ങളുടെ വ്യവസ്ഥകൾക്ക് വിധേയമായോ പരമാവധി 10,000/- രൂപ അനുവദിക്കുന്നതിന് അനുമതി നൽകുന്നു.

കൂടാതെ സമാനമായ രീതിയിൽ പ്രകൃതിദുരന്തം സംഭവിച്ച സംസ്ഥാനത്തെ ഇതരപ്രദേശങ്ങളിലെ ക്ഷീരകർഷകരെയും, ക്ഷീരസംഘങ്ങളെയും, കന്നുകാലികളെയും സഹായിക്കുന്നതിനാവശ്യമായ ധനസഹായം, തീറ്റവസ്തുക്കൾ, മറ്റ് അവശ്യവസ്തുക്കൾ നൽകുന്നതിന് മേൽ സൂചിപ്പിച്ച വ്യവസ്ഥകൾക്ക് വിധേയമായി ക്ഷീര സംഘങ്ങൾക്ക് പരമാവധി 10,000/- രൂപ വരെ ചെലവ് ചെയ്യാവുന്നതാണ് എന്നും അറിയിക്കുന്നു. ഈ തുകയ്ക്ക് അധികരിച്ച തുക ക്ഷീരകർഷകർക്ക് പാൽവില ഇൻസെന്റീവ്, കാലിത്തീറ്റ ധനസഹായം, വൈയ്ക്കോൽ, പച്ചപ്പുൽ, മറ്റ് തീറ്റവസ്തുക്കൾ എന്നിവയ്ക്ക് വേണ്ടി ഏതെങ്കിലും സംഘം ചെലവ് ചെയ്യുന്ന പക്ഷം ആയതിന് വ്യവസ്ഥാപിതമാർഗ്ഗേന ക്ഷീരവികസന വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ മുൻകൂർ അനുമതിയോടെ നൽകാവുന്നതാണെന്നും അറിയിക്കുന്നു. ഈ സർക്കുലർ നിർദ്ദേശം 2024 ആഗസ്റ്റ് 31 വരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**ഡയറക്ടർ**

പകർപ്പ്:- 1) ജോയിന്റ് ഡയറക്ടർ ( പ്ലാനിംഗ്, ജനറൽ, സ്റ്റേറ്റ് ഡയറിലാബ്)

Signed by
Asif K Yusuf
Date: 01-08-2024 17:51:11

2) ഡെപ്യൂട്ടി ഡയറക്ടർ ( പ്ലാനിംഗ്,ഐ.ടി, എക്സ്റ്റൻഷൻ, ജനറൽ)

3) എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

4) എല്ലാ ക്ഷീരവികസന ഓഫീസർമാർക്കും, ഡയറി ഫാം ഇൻസ്ട്രക്ടർമാർക്കും ( ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

5) എല്ലാ ക്ഷീര സംഘങ്ങൾക്കും ( ഉചിത മാർഗ്ഗേണ)

6) കൺകറന്റ് ഓഡിറ്റർ, മിൽമ, തിരുവനന്തപുരം,എറണാകുളം, കോഴിക്കോട്

7) ഡയറി ഫാം ഇൻസ്ട്രക്ടർ ( ഐ.ടി സെൽ) വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)